(സി) ചെമ്മാപ്പിള്ളി കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണത്തിനാണ് നബാർഡ് സാമ്പത്തിക സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഴിമാവ് കടവ് പാലം നിർമ്മിക്കുന്നതിനായി മണ്ണുപരിശോധന നടത്തുന്നതിനും അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനും മറ്റ് അനുബന്ധജോലികൾക്കുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) പാലം പണിക്കുള്ള നടപടിക്രമങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) 1. കൃഷ്ണൻകോട്ട പാലം നിർമ്മാണം
2. കരാഞ്ചിറ വലിയപാലം-ചെറിയപാലം
3. തൃക്കൂർ
4. വലക്കാവ്
5. വെറ്റിലപ്പാറ
6. പൊങ്ങണംകാട്
7. പൊക്കുളങ്ങര
8. വളയംകോട്
9. കുണ്ടുകടവ്
10. കോന്തിപുലം
11. മുട്ടിക്കൽ നെയ്ത്തുകുടിപ്പാലം

സ്റ്റേറ്റ് ഹൈവേ 34-ലെ ബാലുശ്ശേരി മുക്കിലുള്ള പാലം

110 [423] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താമരശ്ശേരി സ്റ്റേറ്റ് ഹൈവേ 34-ൽ ബാലുശ്ശേരി മുക്കിലുള്ള പാലം അപകടാവസ്ഥയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാലം പുതുക്കി പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പാലം പണിയുന്നത് സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, എസ്റ്റിമേറ്റ്, പ്ലാൻ തുടങ്ങിയവ സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിനായിട്ടുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കി വരുന്നു. അത് അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പണി എത്രയും വേഗം നടത്താനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചിട്ടുണ്ട്.

പുനലൂർ തൂക്കുപാലത്തിലൂടെയുള്ള സഞ്ചാരം

111 [424] ശ്രീ. കെ. എ. ചന്ദ്രൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ തൂക്കുപാലം അടച്ചിട്ടതെന്നാണെന്നും ആരുടെ ഉത്തരവനുസരിച്ചാണ് അടച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) അടച്ച ദിവസം മുതൽ അതിൽ ബാരിക്കേഡ് വച്ച് തടസ്സം സൃഷ്ടിക്കുകയും അതിൽ ആളുകളെ പ്രവേശിപ്പിക്കാതിരിക്കുവാൻ പ്രത്യേകം ജീവനക്കാരെ നിയമിക്കുകയും ചെയ്തുവോ;

(സി) അടച്ചിട്ട പാലത്തിൽ കയറുന്നത് കുറ്റകരമാണോ;

(ഡി) പ്രസ്തുത പാലം അടച്ചതിനുശേഷം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ അതിൽ കയറി മനുഷ്യച്ചങ്ങല സൃഷ്ടിച്ചുവോ;

(ഇ) ഇപ്രകാരം മനുഷ്യച്ചങ്ങല സൃഷ്ടിച്ചത് പോലീസിന്റെയും മറ്റും സാന്നിദ്ധ്യത്തിലായിരുന്നുവോ; പാലം അടച്ചിട്ടുകൊണ്ടുള്ള ഉത്തരവ് ലംഘിച്ചവരുടെ മേൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-12-2005-ൽ ജില്ലാ കളക്ടറുടെ ഉത്തരവ് അനുസരിച്ച് മുൻസിപ്പാലിറ്റിയും തഹസിൽദാരും ചേർന്നാണ് അടച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) അതെ.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly